**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2061** **05-02-2026-ൽ മറുപടിയ്ക്ക്**

## സ്റ്റാർട്ടപ്പ് മിഷൻ-ഫ്രീഡം സ്ക്വയറുകൾ

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. എസ്. സുപാൽ

ശ്രീ. പി. എസ്. സുപാൽ

ശ്രീ. വി. ശശി

ശ്രീമതി. സി. കെ. ആശ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടുത്താതെ സംരംഭകത്വവും ആശയ രൂപീകരണവും പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ സംരംഭക സംസ്കാരം രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** വിദ്യാർത്ഥി സംരംഭകരെ വാർത്തെടുക്കുന്നതിനായി കോളേജുകൾ കേന്ദ്രീകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ വികസിപ്പിച്ച പദ്ധതിയാണ് ഇന്നവേഷൻ ആൻഡ് ഒന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ (IEDC). എൻജിനീയറിംഗ്, മാനേജ്മെന്റ്, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നൂതന സാങ്കേതികവിദ്യ, ഉന്നത നിലവാരത്തിലുള്ള വിദഗ്ധോപദേശം, ആഗോള പരിചയസമ്പന്നത, ധനസഹായം എന്നിവ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കേരളത്തിൽ 557 ഐ.ഇ.ഡി.സി.കൾ പ്രവർത്തിച്ചുവരുന്നു. മികച്ച ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനായി 'ഐഡിയ ഗ്രാന്റ്' നൽകിവരുന്നുണ്ട്. ആശയ രൂപീകരണത്തിനും ഉൽപ്പന്ന മാതൃക (Prototype) വികസിപ്പിക്കുന്നതിനുമായി വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ വരെ ഈ പദ്ധതിയിലൂടെ ലഭിക്കും.

**(ബി)** വിവിധ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് അറിവ് പങ്കിടുന്നതിനും സംരംഭക ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുമായി ഫ്രീഡം സ്ക്വയറുകൾ സജ്ജമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** കേരള സ്റ്റാർട്ടപ്പ് മിഷൻ വിദ്യാർത്ഥികൾക്കായി വിഭാവനം ചെയ്തിരിക്കുന്ന പുതിയ പദ്ധതിയാണ് ഫ്രീഡം സ്ക്വയർ. വിവിധ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പരസ്പരം അറിവ് പങ്കിടുന്നതിനും, പ്രോജക്ടുകളിൽ സഹകരിക്കുന്നതിനും, സംരംഭക ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും സമാന ചിന്താഗതിയുള്ളവർക്ക് ഒത്തുചേരാനുമുള്ള ഒരു ഇടമാണിത്. പരമ്പരാഗത ശൈലികളിൽ നിന്ന് മാറി, പഠനം തടസ്സപ്പെടുത്താതെ സംരംഭകത്വം, ആശയ രൂപീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഒരു സംസ്കാരം ക്യാമ്പസുകളിൽ രൂപപ്പെടുത്തുകയാണ് ഫ്രീഡം സ്ക്വയറിന്റെ ലക്ഷ്യം.

14 ജില്ലകളിലായി 20,000 ചതുരശ്ര അടി വിസ്തൃതിയുള്ള 14 ഫ്രീഡം സ്ക്വയറുകൾ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അതത് ജില്ലകളിലുള്ള ആർക്കിടെക്ചർ വിദ്യാർത്ഥികൾ, ഡിസൈനർമാർ, എൻജിനീയറിംഗ് വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് ഫ്രീഡം സ്ക്വയറുകൾ രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും വേണമെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

**(സി)** ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് മികച്ച പഠന സാധ്യതകൾക്കൊപ്പം മെന്ററിംഗിനും പിച്ചിംഗിനുമുള്ള അത്യാധുനിക സൗകര്യങ്ങളും സജ്ജമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കേരള സ്റ്റാർട്ടപ്പ് മിഷൻ വിദ്യാർത്ഥികൾക്കായി വിഭാവനം ചെയ്തിരിക്കുന്ന പുതിയ പദ്ധതിയാണ് ഫ്രീഡം സ്ക്വയർ. വിവിധ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പരസ്പരം അറിവ് പങ്കിടുന്നതിനും, പ്രോജക്ടുകളിൽ സഹകരിക്കുന്നതിനും, സംരംഭക ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും സമാന ചിന്താഗതിയുള്ളവർക്ക് ഒത്തുചേരാനുമുള്ള ഒരു ഇടമാണിത്. പരമ്പരാഗത ശൈലികളിൽ നിന്ന് മാറി, പഠനം തടസ്സപ്പെടുത്താതെ സംരംഭകത്വം, ആശയ രൂപീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഒരു സംസ്കാരം ക്യാമ്പസുകളിൽ രൂപപ്പെടുത്തുകയാണ് ഫ്രീഡം സ്ക്വയറിന്റെ ലക്ഷ്യം.

14 ജില്ലകളിലായി 20,000 ചതുരശ്ര അടി വിസ്തൃതിയുള്ള 14 ഫ്രീഡം സ്ക്വയറുകൾ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അതത് ജില്ലകളിലുള്ള ആർക്കിടെക്ചർ വിദ്യാർത്ഥികൾ, ഡിസൈനർമാർ, എൻജിനീയറിംഗ് വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് ഫ്രീഡം സ്ക്വയറുകൾ രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും വേണമെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

**(ഡി)** ഫ്രീഡം സ്ക്വയറുകൾ എന്ന പദ്ധതിയിലൂടെ സംയുക്ത ഗവേഷണങ്ങൾ, വ്യവസായ പങ്കാളിത്തങ്ങൾ എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കേരള സ്റ്റാർട്ടപ്പ് മിഷൻ വിദ്യാർത്ഥികൾക്കായി വിഭാവനം ചെയ്തിരിക്കുന്ന പുതിയ പദ്ധതിയാണ് ഫ്രീഡം സ്ക്വയർ. വിവിധ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പരസ്പരം അറിവ് പങ്കിടുന്നതിനും, പ്രോജക്ടുകളിൽ സഹകരിക്കുന്നതിനും, സംരംഭക ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും സമാന ചിന്താഗതിയുള്ളവർക്ക് ഒത്തുചേരാനുമുള്ള ഒരു ഇടമാണിത്. പരമ്പരാഗത ശൈലികളിൽ നിന്ന് മാറി, പഠനം തടസ്സപ്പെടുത്താതെ സംരംഭകത്വം, ആശയ രൂപീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഒരു സംസ്കാരം ക്യാമ്പസുകളിൽ രൂപപ്പെടുത്തുകയാണ് ഫ്രീഡം സ്ക്വയറിന്റെ ലക്ഷ്യം.

14 ജില്ലകളിലായി 20,000 ചതുരശ്ര അടി വിസ്തൃതിയുള്ള 14 ഫ്രീഡം സ്ക്വയറുകൾ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അതത് ജില്ലകളിലുള്ള ആർക്കിടെക്ചർ വിദ്യാർത്ഥികൾ, ഡിസൈനർമാർ, എൻജിനീയറിംഗ് വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് ഫ്രീഡം സ്ക്വയറുകൾ രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും വേണമെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

**സെക്ഷൻ ഓഫീസർ**